ഒരു മനോഹരമായ യാത്രയുടെ അവസാനത്തോട് അടുക്കുന്നു. ഈ യാത്രയിൽ എനിക്ക് എന്റേതായ കുറവുകൾ കുറെ മനസ്സിലാക്കാൻ സാധിച്ചു. എല്ലാ ക്ലാസ്സുകളും വളരെയേറെ പ്രയോജനകരമായിരുന്നു. ജോൺ സാറിന്റെ introduction class തൊട്ട് ഇത് അവസാനിക്കുന്നതുവരെ എല്ലാ ക്ലാസ്സുകളും ജീവിതത്തിന്റെ നല്ല വശങ്ങളിലേക്ക് എങ്ങനെ എത്തിച്ചേരാം എന്ന പുതിയ തലത്തിലേക്ക് നയിച്ചു. കോഴി കുഞ്ഞിന്റെ കൂടെ ജീവിച്ച പരുന്തിനെ പോലെ ആയിത്തീരുന്നു ഓരോരുത്തരും എന്ന ഓർമ്മപ്പെടുത്തലോടെ ആരംഭിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും കുറെയേറെ മാറ്റങ്ങൾ, ക്ഷമിക്കാനും സഹാനുഭൂതിയോടെ മറ്റുള്ളവരോട് പെരുമാറാനും കരുതലോടെ മറ്റുള്ളവരോട് ഇടപഴകാനും പഠിച്ചു.

എന്റെ തെറ്റുകൾ തിരുത്താനും മറ്റുള്ളവരോട് ആദരപൂർവ്വം പെരുമാറാനും പഠിച്ചു. ഒരു ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രൊഫഷണൽ ആയി എങ്ങനെ പെരുമാറാം എന്നുള്ളത് പഠിച്ചു. അതുപോലെ കുടുംബ ജീവിതത്തിലും എങ്ങനെ നന്നായി മുൻപോട്ട് പോകാം എന്നും പഠിച്ചു. എന്തുകൊണ്ടും കഴിഞ്ഞു പോയ ദിവസങ്ങൾ വരുത്തിയ മാറ്റങ്ങൾ ജീവിത യാത്രയിൽ എന്നും പാലിക്കാൻ കഴിയും എന്ന പ്രാർത്ഥനയോടെ ക്ലാസ്സുകൾ തന്ന കുടുംബശ്രീക്കും മാൻ കാച്ചിംഗ് ഇൻസ്റ്റിറ്റ്യൂഷനും നന്ദി അറിയിച്ചു കൊണ്ട് നിർത്തുന്നു.

ഒരു വീട്ടമ്മയായ എനിക്ക് എന്നെ തിരിച്ചറിയാൻ എന്റെ കഴിയുകളെ പ്രോത്സാഹിപ്പിക്കാൻ എനിക്ക് മറ്റഉള്ളവരോട് എങ്ങനെ പെരുമാറണം എന്നിലെ പോരായ്മകൾ എന്റെ തെറ്റുകൾ ഇനി ഞാൻ ചെയ്യേണ്ട കാര്യങ്ങൾ എന്നിലെ ഈഗോ സഹജീവികളോട് എങ്ങനെയാണ് പെരുമാറേണ്ടത്. എന്നിലെ ഭാഷാ വൈകല്യങ്ങൾ, എന്റെ വിട്ടുവീഴ്ചാ മനോഭാവം എന്നിവക്ക് ഒക്കെ മാറ്റം വരുത്താൻ MINDS ഗ്രൂപ്പ് നടത്തിയ Man Catching പ്രോഗ്രാം കൊണ്ട് കഴിഞ്ഞു.

ഞാൻ എന്റെ കഴിവുകൾ കൂടുതൽ തിരിച്ചറിഞ്ഞു. കണ്ണിൽ നോക്കി സംസാരിക്കുവാൻ എനിക്ക് ബുദ്ധിമുട്ടായിരുന്നു. അതിന് വ്യത്യാസം വന്നു. അച്ഛനെയും അമ്മയെയും വൈകല്യമുള്ളവരേയും എല്ലാം കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു. വൈകല്യമുള്ളവരേക്കാൾ എലലാ അവയവങ്ങളും സൗന്ദര്യവും കഴിവുകളും ഉണ്ടായിട്ടും അത് വേണ്ട രീതിയിൽ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഞാൻ എന്താണെന്ന് മനസ്സിലാക്കുന്നു. എന്റെ കഴിവുകൾ ഞാൻമനസ്സിലാക്കുന്നു. മറ്റുള്ളവരുമടെ കഴിവുകൾ കാണുമ്പോൾ എനിക്കതിന് കഴിയില്ലല്ലോ എന്ന് അസൂയപ്പെടാതെ അവരെ ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഞാൻ പഠിച്ചു. അപ്പോൾ അവർക്കും ഒരു പ്രത്യേക സുഖം അനുഭവപ്പെടുന്നുണ്ടെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു. എന്റെ പെരുമാറ്റത്തിൽ പലതും ഞാനിന്ന് മുതൽ മാറ്റിയെടുക്കും. അല്ല മാറിക്കഴിഞ്ഞു.

മൈന്റ്സ് ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ ഒരുക്കിയ മാൻ കാച്ചിംഗ് എന്ന പ്രോഗ്രാം വളരെയധികം നന്നായിരുന്നു. ഇവിടെ 3 ദിവസം താമസിച്ചുള്ള ട്രെയിനിംഗ് ആണ് എന്നു പറഞ്ഞപ്പോൾ ആദ്യം ഒരു വിഷമം ആണ് തോന്നിയത്. പക്ഷേ വളരെ വേഗം ഞങ്ങൾ എല്ലാവരും ഈ പ്രോഗ്രാമിന്റെ ഭാഗമായിത്തീർന്നു. അത്രയ്ക്കും രസകരമായിരുന്നു. ഞാൻ എല്ലാ കാര്യത്തിലും ഉൾവലിയുന്ന ഒരാളായിരുന്നു. സ്റ്റേജ് ഫിയർ കൂടുതലായിരുന്നു. കോൺഫിഡൻസ് കുറവായിരുന്നു. എപ്പോഴും നെഗറ്റീവ് മാത്രം ചിന്തിച്ച് പോസിറ്റീവിനെ പോലും ഇല്ലാതാക്കിയിരുന്നു. ഇപ്പോൾ എനിക്ക് വളരെയധികം സന്തോഷമുണ്ട്. എന്റെ എല്ലാ പ്രശ്നങ്ങളെയും ഞാൻ അതിജീവിച്ചതായി തോന്നുന്നു. ഈ പ്രോഗ്രാമിൽ ഞങ്ങൾക്കായി ഒരുക്കിതന്ന എല്ലാ പരിപാടിയും അത്രയധികം നന്നായിരുന്നു. ഇവിടെ നടത്തിയ ലോ എന്ന പ്രോസസ് പ്രാക്ടിക്കൽ ആയി ചെയ്യിപ്പിച്ച് അത് ഇനി നിത്യ ജീവിതത്തിൽ പ്രാവർത്തികമാക്കണം. രാവിലെ ജിൻസ് സാർ ചെയ്യിപ്പിച്ച് ലാഫിംഗ് എക്സർസൈസ് എനിക്ക് ഒരുപാട് ഇഷ്ടമായി.

ട്രെയിനിംഗിന് വേണ്ടി വരുമ്പോൾ കാറെ നോട്ടുകൾ ഒക്കെയുള്ള ഒരു സാധാരണ ക്ലാസ്സ് അതായിരുന്നു മനസ്സിൽ. 15 വർഷമായി അടുക്കള ഭരണം മാത്രം നടത്തി വരുന്ന ഒരു സാധാരണ വീട്ടമ്മയുടെ മനസ്സുമായി പടികയറി വന്ന എന്നെ സ്കൂളിലേയ്ക്കോ കോളേജിലേയ്ക്കോ ഒക്കെ ഒരിക്കൽ കൂടി കൊണ്ടുപോയതിന് ഞാൻ ഈ മാൻ കാച്ചിംഗ് സെന്ററിലെ ഓരോ അംഗങ്ങളോടും കടപ്പെട്ടിരിക്കുന്നു. ഡ്രീം ചാർട്ടിൽ ഞാൻ ചെയ്തത് ഇതാ പുതിയ ഞാൻ എന്നായിരുന്നു അത് അക്ഷരാർത്ഥത്തിൽ ശരി തന്നെയാണ്. അല്പം സങ്കുചിത മനസ്ഥിതിയുള്ള എന്നെ വിശാലമായ ഒരു ലോകത്തേക്ക് തുറന്ന് വിട്ടിട്ട് പറക്കാൻ ശക്തമായ ചിറകുകളും നൽകി നന്ദിയുണ്ട്....... ഒരുപാട് ഒരുപാട് നന്ദിയുണ്ട്....... പറഞ്ഞു തന്ന ഓരോ വാക്കിനും ചെയ്തു കാണിക്കാൻ പറഞ്ഞ ഓരോ കാര്യങ്ങൾക്കും ..........

ഇവിടെ നടന്ന മൂന്നു ദിവസത്തെ പ്രോഗ്രാമുകൾ വളരെ പ്രയോജനകരമായിരുന്നു. മനസ്സിലുണ്ടായിരുന്ന പേടിയും ആതമവിശ്വാസകുറവും കുറെ മാറ്റുവാൻ കഴിഞ്ഞു. മെട്രോ ജോലിയുടെ ഉത്തരവാദിത്വവും മറ്റും നന്നായി മനസ്സിലാക്കുവാൻ കഴിഞ്ഞു. എല്ലാ സാറുന്മാരുടെയും ക്ലാസ്സുകൾ വളരെ രസകരമായിരുന്നു. ആക്ടിവിറ്റികൾ നല്ല സന്തോഷം നൽകി. ഞാൻ ഇതുവരെ ചെയ്തിരുന്ന പല കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും തെറ്റുകൾ മനസ്സിലാക്കി തരുന്നതിനും തിരുത്തുന്നതിനും ഈ പ്രോഗ്രാം മൂലം കഴിഞ്ഞു. ഇതിനെല്ലാം എനിക്ക് മൈന്റ്സ് ഗ്രൂപ്പിനോട് എന്നും നന്ദി ഉണ്ടായിരിക്കും.